പ്രകൃതിക്ഷോഭം കാരണം അവ നഷ്ടപ്പെടുന്നതിനും അതുവഴി തൊഴിൽ സാധ്യതകളും വരുമാന നഷ്ടവും ഉണ്ടാകുന്നതിനും ഇടയാക്കുന്നുണ്ട്. അനധികൃത ഖനനത്തിലൂടെ ധാതുസമ്പത്ത് നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) അവലോകനം നടത്തിയിട്ടുണ്ട്.

നിലവിൽ കേരള മിനറൽസ് ആന്റ് മെറ്റൽസിനും ഇന്ത്യൻ റെയർ എർത്തിനുമാണ് ധാതുമണൽ സമ്പത്ത് ശേഖരിക്കുന്നതിനുള്ള അനുമതിയുള്ളത്. കേരള മിനറൽസ് ആന്റ് മെറ്റൽസും ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സും മറ്റ് സ്വകാര്യ സ്ഥാപനങ്ങളുമാണ് ഇവ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നത്. ധാതുമണലിന്റെ ശേഖരം പൂർണ്ണതോതിൽ നടക്കാത്തതുകൊണ്ട് പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല.

(സി) കേരള മിനറൽസ് ആന്റ് മെറ്റൽസിനേയും ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിനെയും കൂടുതൽ ശക്തിപ്പെടുത്തി വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ ധാതുമണൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

ജലവൈദ്യുത പദ്ധതികളുടെ പരിപാലനം

6(*185) ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവൈദ്യുത പദ്ധതികളുടെയും അനുബന്ധ നിലയങ്ങളുടെയും പരിപാലന/അഴിച്ചുപണികൾ നടത്തുന്നകാര്യത്തിൽ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ പദ്ധതികളിൽ ഏതിലെങ്കിലും ഇപ്പോൾ അത്തരം പണികൾ നടക്കുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വൈദ്യുതി നിലയങ്ങളുടെ നിർമ്മാണ/പരിപാലന/അഴിച്ചുപണികൾ നടപ്പാക്കുമ്പോൾ ഊർജ്ജ ഉല്പാദനത്തിന്റെ പരമാവധി ശേഷി, ജീവനക്കാരുടെ സുരക്ഷ, കൂടുതൽകാല പ്രവർത്തനശേഷി എന്നിവ ഉറപ്പാക്കാൻ സ്വീകരിക്കുന്ന മുൻകരുതലുകൾ വിശദമാക്കുമോ ; ഇക്കാര്യത്തിൽ നിലയങ്ങളിൽ കൂടുതൽകാലം പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരുടെ അനുഭവാഭിപ്രായം കൂടി കണക്കിലെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ജലവൈദ്യുത പദ്ധതികളുടെയും അനുബന്ധ നിലയങ്ങളുടെയും പരിഷ്കരണ/ അഴിച്ചുപണികൾ നടത്തുന്നതിന് ജനറേറ്റിംഗ് സ്റ്റേഷനുകളിലെ യന്ത്ര സാമഗ്രികളുടെ കാലപ്പഴക്കം, ജനറേറ്റിംഗ് ഉപകരണങ്ങളുടെ പ്രവർത്തനശേഷി, സ്പെയർ പാർട്സുകളുടെ ലഭ്യത, വൈദ്യുത മേഖലയിലെ സാങ്കേതിക മാറ്റങ്ങൾ തുടങ്ങിയവ കണക്കിലെടുക്കുന്നു. കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള അംഗീകൃത ഏജൻസിയായ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (CEA) ജലവൈദ്യുത പദ്ധതികളിലെ യന്ത്രസാമഗ്രികളുടെ ശരാശരി ആയുസ് 30-35 വർഷമായി കണക്കാക്കിയിരിക്കുന്നു. പ്രസ്തുത കാലാവധി പൂർത്തിയാക്കിയ ജനറേറ്റിംഗ് സ്റ്റേഷനുകളുടെ യന്ത്രസാമഗ്രികളുടെ ശിഷ്ടായുസ് നിർണ്ണയ പഠനം (RLA Study) നടത്തിയ ശേഷമാണ് നവീകരണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്.

(ബി) ഉണ്ട്. സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ 1957-1960 കാലഘട്ടത്തിൽ കമ്മീഷൻ ചെയ്ത പൊരിങ്ങൽക്കുത്ത് പവർ സ്റ്റേഷന്റെ നവീകരണവും ശേഷി വർദ്ധനവും (32 MW-ൽനിന്നും 36 MW) സംബന്ധിച്ചുള്ള പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു ജനറേറ്ററുകൾ കമ്മീഷൻ ചെയ്യുകഴിഞ്ഞു. ശേഷിക്കുന്ന ചില അനുബന്ധ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. ഇത് 2015 ജൂലൈ അവസാനത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ, ഈ പദ്ധതിയുടെ പെൻസ്റ്റോക്കുകളുടെ നവീകരണത്തിനുള്ള ജോലികൾ പുരോഗമിക്കുന്നു.

1966 കാലഘട്ടത്തിൽ കമ്മീഷൻ ചെയ്ത ഷോളയാർ ജലവൈദ്യുത പദ്ധതിയുടെ (3x18MW) നവീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് FEPL-FUYUAN കൺസോർഷ്യം എന്ന സ്ഥാപനത്തിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. 33 മാസംകൊണ്ട് പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

1976 കാലഘട്ടത്തിൽ കമ്മീഷൻ ചെയ്ത ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ടം (3x130MW) മെഷീനുകളുടെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

1972 കാലഘട്ടത്തിൽ കമ്മീഷൻ ചെയ്ത കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ (3x25MW) നവീകരണത്തിനും സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതാപഠനവും ശിഷ്ടായുസ് നിർണ്ണയ പഠനവും (RLA Study) നടത്തുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രസർക്കാർ അംഗീകൃത ഏജൻസിയായ AHEC, Roorkee എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു. ഇവരുടെ അന്തിമ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(സി) വൈദ്യുത നിലയങ്ങളുടെ നിർമ്മാണ/പരിഷ്കരണ/അഴിച്ചുപണികൾ നടപ്പാക്കുമ്പോൾ ഊർജ്ജ ഉത്പാദനത്തിന്റെ പരാമവധി ശേഷി ഉറപ്പാക്കുന്നതിനായി ശേഷി കൂടിയ ജനറേറ്റർ-ടർബൈൻ സെറ്റ് പ്രസ്തുത സ്റ്റേഷനുകളിൽ സ്ഥാപിക്കുവാൻ സാധിക്കുമോ എന്നുകൂടി പഠിച്ചതിനുശേഷമാണ് നവീകരണ പുനരുദ്ധാരണ നടപടിയുമായി മുന്നോട്ടുപോകുന്നത്.

ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കുവാൻ ആധുനിക രീതിയിലുള്ള അഗ്നിശമന സുരക്ഷാ സംവിധാനം, മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ നവീകരണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

ആയുർ ദൈർഘ്യം ഉറപ്പാക്കുവാൻ സാങ്കേതിക മേന്മ കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുവാൻ ടെണ്ടറിൽ നിഷ്കർഷിക്കുന്നു.

ഒരു ജലവൈദ്യുത പദ്ധതിയുടെ നവീകരണ/പുനരുദ്ധാരണ പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ പ്രസ്തുത പദ്ധതിയിൽ ജോലി ചെയ്യുന്ന സാങ്കേതിക ജീവനക്കാരുടെയും ബോർഡിലെ ഉത്പാദന മേഖലയിൽ വൈദഗ്ധ്യം ഉള്ള ജീവനക്കാരുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കണക്കിലെടുത്താണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്.

താപ വൈദ്യുത നിലയങ്ങളുടെ നിർമ്മാണ/പരിഷ്കരണ/അഴിച്ചുപണികൾ നടപ്പാക്കുമ്പോൾ ഊർജ്ജോത്പാദനത്തിന്റെ പരമാവധി ശേഷി, ജീവനക്കാരുടെയും നിലയത്തിന്റെയും സുരക്ഷ, കൂടുതൽക്കാല പ്രവർത്തനശേഷി എന്നിവ ഉറപ്പാക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുന്ന ഘട്ടത്തിൽത്തന്നെ പരിചയ സമ്പന്നരായ കൺസൾട്ടൻസികളുടെയും ബോർഡിന്റെതന്നെ ഡിസൈൻ വിഭാഗത്തിന്റെയും സേവനത്താൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതികൾ തിരഞ്ഞെടുക്കുകയും കൃത്യമായ ടെക്നിക്കൽ സ്പെസിഫിക്കേഷൻ ടെണ്ടറിൽ ഉറപ്പാക്കുകയും ചെയ്യുന്നതുവഴി ഉചിതമായ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നു.

ജീവനക്കാരുടെ സുരക്ഷയ്ക്കായി പരിചയ സമ്പന്നരായ മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പ്രകാരം കൃത്യമായ സുരക്ഷാ ചട്ടങ്ങൾ അനുവർത്തിച്ചുകൊണ്ടാണ് പണികൾ നടത്തിവരുന്നത്. കൂടാതെ, ജീവനക്കാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയും അവരെ സുരക്ഷയെക്കുറിച്ച് ബോധവാൻമാരാക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിലയങ്ങളിൽ കൂടുതൽ കാലം പ്രവർത്തിച്ചിട്ടുള്ള ജീവനക്കാരുടെ അനുഭവോഭിപ്രായം കണക്കിലെടുക്കുകയും അവരുടെ നിർദ്ദേശങ്ങൾ പദ്ധതികളുടെ ഡി.പി.ആർ. ഉണ്ടാക്കൽ, ഡിസൈൻ, നിർമ്മാണം തുടങ്ങിയ ഘട്ടങ്ങളിൽ പരിഗണിക്കുകയും വേണ്ട പരിഷ്കാരങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രധാന തസ്തികകളിലെ നിയമനം

7(*186) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്ത് പ്രൊഫഷണലുകളെയും കാര്യപ്രാപ്തിയുള്ളവരെയുമാണ് നിയമിക്കുന്നതെന്ന് ഉറപ്പ് വരുത്താറുണ്ടോ ;

(ബി) നിയമനം നടത്തുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്നവരും വിജിലൻസിൽനിന്നും പ്രതികൂലമായി അഭിപ്രായം ഉണ്ടായവരും പ്രധാന തസ്തികകളിൽ നിയമനം നേടുന്നതായ വാർത്തകളിൽ നിലപാട് വ്യക്തമാക്കുമോ ;

(ഡി) പ്രധാന തസ്തികകളിൽ നിയമിതരാവുന്നവർ കളങ്കിതരും കുറ്റാരോപിതരും അല്ലെന്ന് ഉറപ്പ് വരുത്താറുണ്ടോ ; നിയമവിരുദ്ധമായി നിയമിക്കപ്പെട്ടവരുണ്ടെങ്കിൽ അത്തരക്കാരെ മാറ്റിനിർത്താൻ നടപടി സ്വീകരിക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ സർക്കാർ നേരിട്ടും റിയാബ് മുഖേനയും സുതാര്യമായ തെരഞ്ഞെടുപ്പ് നടപടിക്രമത്തിലൂടെയാണ് നിയമിച്ചുവരുന്നത്.

(ബി) എഞ്ചിനീയറിംഗ് ബിരുദവും മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും ഉയർന്ന തലത്തിലുള്ള പ്രവൃത്തിപരിചയവുമാണ് മാനദണ്ഡമായി നിഷ്കർഷിച്ചിരിക്കുന്നത്. 11-5-2015-ലെ ജി.ഒ. (എം/എസ്.) നമ്പർ 19/2015/പ്ലാനിംഗ് ഉത്തരവ് പ്രകാരം മാനേജിംഗ് ഡയറക്ടർമാരുടെ ഉയർന്ന പ്രായപരിധി 65 വയസ്സാക്കി നിജപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly